**പതിനാലാം കേരള നിയമസഭ**
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1209**

**02.03.2017-ന് മറുപടിയ്ക്ക്**

## ആയിരം സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലാക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 ലെ ബജറ്റിൽ സൂചിപ്പിച്ച പ്രകാരം അഞ്ച് വർഷം കൊണ്ട് കേരളത്തിലെ ആയിരം സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലാക്കുമെന്ന ഉറപ്പിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) 2016-17ലെ ബജറ്റിൽ സൂചിപ്പിച്ച പ്രകാരം 5 വർഷം കൊണ്ട് കേരളത്തിലെ 1000 സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ കുട്ടികൾ കൂടുതലുള്ളതും പഴയ കെട്ടിടങ്ങളും ക്ലാസ് മുറികളുമുള്ള സ്കൂളുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. ഇക്കാര്യത്തിൽ സ്കൂളുകളുടെ സ്ഥല പരിമിതിയും ഒരു ഘടകമായി പരിഗണിക്കുന്നുണ്ട്. കൂടാതെ എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിലായിരിക്കും സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുക. |
| (സി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ ഇതിനായി തെരഞ്ഞെടുത്ത സ്കൂളിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) വിവിധ മണ്ഡലങ്ങളിലെ സ്കൂൾ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ